തന്നെ നിലവിലില്ല. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എം.സി.എച്ച്. യൂണിറ്റിന്റെ ഉപകേന്ദ്രങ്ങളാണ് പെരുവയൽ ഗ്രാമപഞ്ചായത്തിലെ ചെറുകളത്തൂർ, വെള്ളിപ്പറമ്പ് എന്നിവിടങ്ങളിലുള്ളത്. പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലാണ് പുതുതായി ആരംഭിച്ച പി.എച്ച്.സി. പ്രവർത്തിക്കുന്നത്.

(ബി) ബാധകമല്ല.

കാസർഗോഡ് ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

67 (774) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഇല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാഞ്ഞങ്ങാട് ആസ്ഥാനമായി പ്രസ്തുത ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ എന്ന സ്കീമിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് ആശുപത്രി സ്ഥാപിക്കുന്നതിന് 360 ലക്ഷം രൂപയും, 2014-15 വർഷത്തിൽ 381 ലക്ഷം രൂപയും നീക്കിവയ്ക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

മെഡിക്കൽ ഓംബുഡ്സ്മാൻ

68 (775) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ പ്രശ്ന പരിഹാരത്തിനായി മെഡിക്കൽ ഓംബുഡ്സ്മാനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇത്തരം പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly